EKNR/3366/2024-A3

<u>അപ്പന്റിക്സ് എച്ച് 4</u>

പാലയാട് ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ ക്ലാർക്ക് ആയിരുന്ന ശ്രീ.അനൂപ് ടി മുരളിയ്ക്ക് അണ്ടർ സെക്രട്ടറിയുടെ 13.09.2007 ലെ GO(Rt) no.4170/2007GEdn നമ്പർ ഉത്തരവ് പ്രകാരം അഞ്ചു വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു എന്നും ടി അവധിയിലിരിക്കെ തന്നെ 08-02-2012 മുതൽ 15-04-2012 വരെ യു.കെ യിലേക്ക് പോകാൻ ടിയാൻ അപേക്ഷ നൽകുകയും ഈ കാര്യാലയത്തിലെ 18-02-2012 തീയ്യതിയിലെ A5/2946/12 നമ്പർ ഉത്തരവ് പ്രകാരം അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും ശ്രീ.അനൂപ് ടി. മുരളിയ്ക്ക് അഞ്ചു വർഷത്തേക്ക് കൂടി (13-09-2012 മുതൽ 12-09-2017) Appendix XII A, Part I, KSR പ്രകാരം ശൂന്യവേതനാവധി ദീർഘിപ്പിച്ചുകൊണ്ട് 05-11-2012 തീയ്യതിയിലെ ഗവ അണ്ടർ സെക്രട്ടറിയുടെ G.O. (Rt) No. 5295/2012/G.Edn. ഉത്തരവ് ലഭിക്കുകയും ആയതിനു ശേഷം വീണ്ടും അഞ്ചുവർഷത്തേക്ക്, (13-09-2017 മുതൽ 12-09-2022 വരെ) Appendix XII A, Part I, KSR പ്രകാരം ശൂന്യവേതനാവധി ദീർഘിപ്പിച്ചുകൊണ്ട് 23-01-2019 തിയ്യതിയിലെ പൊതുവിദ്യാഭ്യാസ (സി) വകുപ്പ് സ.ഉ. (സാധാ) നം. 292/2019/പൊ.വി.വ നമ്പർ ഉത്തരവ് ലഭിച്ചിരുന്നെന്നും എന്നാൽ 13-09-2022 ശേഷം താങ്കൾ ഇതുവരെ ജോലിയിൽ പ്രവേശിക്കുകയോ അവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല എന്ന് പ്രധാനധ്യാപകൻ അറിയിച്ചിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.അനൂപ് ടി മുരളിയ്ക്ക് ഈ കാര്യാലയത്തിൽ നിന്ന് കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ നൽകുകയുണ്ടായി. ആയത് കൈപ്പറ്റാതെ മടങ്ങിയെന്ന് പ്രധാനധ്യാപകൻ ഈ കാര്യാലയത്തിൽ അറിയിച്ചിരുന്നു. ആയതിനു ശേഷം കാരണം കാണിക്കൽ നോട്ടീസ് ടിയാന് നൽകുകയും ആയതിന് മറുപടി ഒന്നും ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത കാരണം കാണിക്കൽ നോട്ടീസ് പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകുകയും പ്രസ്തുത കാരണം കാണിക്കൽ നോട്ടീസ് 15.02.2025-ന് പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

പത്രത്തിൽ പ്രസിദ്ധപ്പെടുത്തി നാളിതുവരെയായി ശ്രീ.അനൂപ് ടി മുരളിയിൽ നിന്ന് യാതൊരു മറുപടിയും ലഭിക്കാത്ത സാഹചര്യത്തിൽ ടിയാൻ്റെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത്, ഗുരുതരമായ കൃത്യവിലോപമാണ് എന്നതിനാൽ അച്ചടക്ക നടപടി സ്വീകരിക്കുവാൻ നിർബന്ധിതമായിരിക്കുകയാണ്. ടി സാഹചര്യത്തിൽ പാലയാട് ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ ക്ലാർക്ക് ആയിരുന്ന ശ്രീ.അനൂപ് ടി മുരളി-യുടെ പൊതുവിദ്യാഭ്യാസ വകുപ്പിലെ സേവനം KSR Part I. Appendix XIIA. 1960 ലെ കേരള സിവിൽ സർവീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V ചട്ടം 11-ലെ ഉപചട്ടം (1)(vii) പ്രകാരം ടിയാൻ അവധി കഴിഞ്ഞ് തിരികെ സേവനത്തിൽ പ്രവേശിക്കേണ്ട തീയ്യതിയായ 13-09-2022 അപരാഹ്നം മുതൽ പ്രാബല്യത്തിൽ വച്ച് അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിദ്യാഭ്യാസ ഉപഡയറക്ടർ
(പൂർണ്ണ അധിക ചുമതല)
കണ്ണൂർ

Signed by
Bijesh A S
Date: 29-03-2025 16:14:17